(ബി) ഉണ്ട്. അതിന്മേൽ പ്രത്യേക പരിഗണന നൽകി കണക്ഷൻ പുനഃസ്ഥാപിക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ ചെലവുകൾ, അപേക്ഷ, ടെസ്റ്റിംഗ്, ഇൻസ്പെക്ഷൻ എന്നീ ഫീസുകൾ, ആവശ്യമായ കാഷ് ഡെപ്പോസിറ്റ്, സർവ്വീസ് കണക്ഷൻ ചാർജ് എന്നിവ ബന്ധപ്പെട്ട കൺസ്യൂമർ അടച്ചാലുടൻ കണക്ഷൻ നൽകുന്നതാണ്.

ഇലക്ട്രിസിറ്റി ബോർഡിൽ പി.എസ്.സി. ടെസ്റ്റും ഇന്റർവ്യൂവും നടത്തി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകൾ

135 (1689) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡ് ആവശ്യപ്പെട്ടതനുസരിച്ച് പി.എസ്.സി. ടെസ്റ്റും ഇന്റർവ്യൂവും നടത്തി പ്രസിദ്ധീകരിച്ച ഏതെല്ലാം റാങ്ക് ലിസ്റ്റുകൾ ഇപ്പോൾ നിലവിലുണ്ട് ;

(ബി) ഈ ലിസ്റ്റിൽ നിന്നും നിലവിലുള്ള എല്ലാ ഒഴിവുകളിലേക്കും നിയമനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള ഏതെല്ലാം തസ്തികകളിലെ എത്ര ഒഴിവുകൾ പി.എസ്. സി. യെ അറിയിക്കാനുണ്ട് ;

(ഡി) പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഏതെങ്കിലും വിഭാഗത്തിനെ നിയമിച്ച ഉടൻ പിരിച്ചുവിട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ഇ) എങ്കിൽ അതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) സബ് എഞ്ചിനീയർ (സിവിൽ) സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ഓവർസീയർ (സിവിൽ) ടൈപ്പിസ്റ്റ്, ഡ്രൈവർ, ഇലക്ട്രിസിറ്റി വർക്കർ (വിവിധ ജില്ലകൾ) എന്നീ കാറ്റഗറികളിലെ പി.എസ്.സി. ലിസ്റ്റുകൾ നിലവിലുണ്ട്.

(ബി&സി) ആവശ്യാനുസരണം നിയമനം നടത്താറുണ്ട്.

(ഡി) ഉണ്ട്.

(ഇ) അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) – 114

ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ – 291

ഡ്രൈവർ – 185 ഇത്രയും പേർക്ക് പ്രൊവിഷണൽ അപ്പോയിന്റ്മെന്റ് നൽകി. ഇവർ വേക്കൻസി ഇല്ലാത്തതുകൊണ്ട് സർവ്വീസിൽ തുടരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly